ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം

* 799 [868] ശ്രീ. കെ. ടി. കുമാരൻ:

,, എം. കെ. കേശവൻ:

,, വി. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നിയമസഭയിൽ പ്രഖ്യാപിച്ച ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് എന്തുമാത്രം ഇതിനകം പുരോഗമിച്ചു?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. കെ. പി. പ്രഭാകരൻ):

(എ) ഉണ്ട്.

(ബി) അയ്യായിരത്തിൽകൂടുതൽ സ്ത്രീകളെ പരിശോധനയ്ക്കു വിധേയരാക്കി. രോഗമുള്ളവർക്കു വേണ്ട ചികിൽസ നടത്തിവരുന്നു.

ശ്രീ. കെ. ടി. കുമാരൻ: ഈ ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം ജില്ലാ താലൂക്ക് ആശുപത്രികളിൽ കേന്ദ്രീകരിച്ചുള്ള ഒരു പരിപാടിക്ക് ഗവൺമെൻറു തയ്യാറാകുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: ജില്ലാ ആശുപത്രികളിൽ നടപ്പിലാക്കുന്നതിനെസംബന്ധിച്ച് ഇപ്പോഴും പറയാൻ പ്രയാസമാണ്. ഇപ്പോഴും ഒരു ബ്ലോക്കിൽ; കൊല്ലം ജില്ലയിലെ അഞ്ചാലുംമൂട് ബ്ലോക്കിലാണ് ആരംഭിച്ചിരിക്കുന്നത്. അവിടത്തെ പ്രവർത്തനം ശരിയായശേഷം കൂടുതൽ സ്ഥലങ്ങളിലേക്കു വ്യാപിപ്പിക്കുവാൻ ആലോചിക്കുന്നുണ്ട്. ആ സന്ദർഭത്തിൽ ജില്ലാആശുപത്രികളിൽ നടത്തുന്നകാര്യം ആലോചിക്കാവുന്നതാണ്.

ഡോ. കെ. സി. ജോസഫ്; ക്യാൻസർ ഡിറ്റക്ഷനു സ്പെസിമെൻ കളക്ട് ചെയ്യുമ്പോൾ പാതോളജിക്കൽ എക്സാമിനേഷനുള്ള കാളി ഫൈഡ് ഡോക്ടർമാർ കോഴിക്കോടു മെഡിക്കൽകോളേജാശുപത്രിയിൽ ഇല്ലാത്തതുകൊണ്ട് അനേകായിരം സ്പെസിമെൻസ് കെട്ടിക്കിടക്കുകയാണ് എന്നു ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ? അങ്ങനെ പെട്ടിട്ടുണ്ടെങ്കിൽ മെഡിക്കൽകോളേജാശുപത്രിയിൽ കാളിഫൈഡ് പാതോളജിസ്റ്റിനെ നിയമിക്കാൻ നടപടിയെടുക്കുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അങ്ങനെയൊരു ആക്ഷേപം ശ്രദ്ധയിൽ പെട്ടിട്ടില്ല. ചൂണ്ടിക്കാണിച്ചാൽ പരിശോധിക്കാവുന്നതും നടപടി സ്വീകരിക്കാവുന്നതുമാണ്. ഇതൊരു പ്രത്യേക പ്രോഗ്രാം ആരംഭിച്ചതിനെപ്പറ്റിയുള്ള ചോദ്യമാണ്.

ശ്രീ. സിറിയക് ജോൺ: മാവൂർ ഗ്വാളിയർറയോൺസിന്റെ പരിസരത്തുമുഴുവൻ ജലമലിനീകരണത്തിന്റെ ഫലമായി ധാരാളം ആളുകൾക്കു ക്യാൻസർരോഗമുണ്ട്. ഇന്നുതന്നെ ഒരു പത്രവാർത്തകാണുകയുണ്ടായി, വിദഗ്ദ്ധരായ ഡോക്ടർമാർ പരിശോധന നടത്തിയിട്ടുള്ളതിൽ ധാരാളം ആളുകൾക്കു രോഗം ബാധിച്ചിട്ടുണ്ടെന്നു കാണുകയുണ്ടായി എന്ന്. അതു കണക്കിലെടുത്ത് അവിടെ ഒരു പ്രത്യേക ക്യാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം ഏർപ്പാടുചെയ്യാൻ ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: മാവൂർ ഗ്വാളിയർ റയോൺസിന്റെ പരിസരത്തു കാൻസർ മാത്രമല്ല മറ്റു പല രോഗങ്ങളുമുണ്ടെന്നു പരാതിയുണ്ട്. ജലമലിനീകരണവും വായുമലിനീകരണവും വ്യാപകമായുണ്ടെന്നു നിവേദനം കിട്ടിയിട്ടുണ്ട്. അതിൽ കുറെയൊക്കെ ശരിയുണ്ടെന്നാണ് മനസ്സിലാക്കുന്നത്. വാട്ടർ പൊള്ളൂഷനും എയർ പൊള്ളൂഷനും ആലുവാമേഖലയിലും തിരുവനന്തപുരത്തു ടൈറ്റാനിയം പ്രദേശത്തും ഉണ്ട്. ഇവിടെയെല്ലാം പൊതുവായ ചില പരിശോധനകൾക്കുള്ള ഏർപ്പാടിനെ സംബന്ധിച്ച് ആലോചിക്കുന്നുണ്ട്. കാൻസർ മാത്രമല്ല, മറ്റു പല രോഗങ്ങളെ സംബന്ധിച്ചും പരിശോധിക്കേണ്ടിവരും.

ശ്രീ. ആർ. ബാലകൃഷ്ണപിള്ള: പുനലൂർ പേപ്പർമില്ലിൽനിന്നുള്ള മലിനജലം കല്ലടയാറ്റിൽക്കൂടി ഒഴുകുന്നതു കുടിക്കുകയും കുളിക്കുകയും ചെയ്യുന്നതുകൊണ്ട് കല്ലടയാറിന്റെ തീരപ്രദേശങ്ങളിൽ കാൻസർ രോഗം ഉണ്ടെന്നു രണ്ടുമൂന്നു പത്രറിപ്പോർട്ടുകളുണ്ടായിരുന്നു. അതു ശരിയാണെന്ന് ഒരു വിദഗ്ദ്ധ ഡോക്ടറുടേയും പ്രസ്താവന പത്രത്തിൽ വായിക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ പുനലൂർ പ്രദേശത്തുകൂടി നിർബന്ധമായി കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം നടത്താൻ വേണ്ട ഏർപ്പാടുചെയ്യുമോ?

ശ്രീ. കെ. പി. പ്രഭാകരൻ: പുനലൂർ പേപ്പർമിൽ മാത്രമല്ല വാട്ടർ പൊള്ളൂഷനും എയർ പൊള്ളൂഷനും ഉള്ള സ്ഥലത്തെല്ലാം കാൻസർ മാത്രമല്ല മറ്റു പല രോഗങ്ങളുമുണ്ട്. കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം അനുവദിക്കണമെങ്കിൽ ഇന്നിപ്പോഴും ഒരു പൈലറ്റ് പ്രോജക്ട് അഞ്ചാലുംമൂട് ബ്ലോക്കിൽ ആരംഭിച്ചിട്ടുള്ളതിന് ആവശ്യമായ സ്റ്റാഫ് ലബോറട്ടറി, വാഹനങ്ങൾ, എല്ലാം ഏർപ്പാടുചെയ്തുവരികയാണ്. അതു പൂർത്തിയാകുന്ന മുറയ്ക്ക് മറ്റു സ്ഥലങ്ങളിൽ ആരംഭിക്കുവാൻ കഴിയും. എല്ലാസ്ഥലത്തും ഒറ്റയടിക്കു സാദ്ധ്യമല്ല. ഇന്നുള്ളതു പൂർത്തിയാക്കാൻ എല്ലാ നടപടികളും ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

ശ്രീ. എസ്. ത്യാഗരാജൻ: കാൻസർ ഡിറ്റക്ഷൻ പ്രോഗ്രാം അനുസരിച്ച് അഞ്ചാലുംമൂട് ബ്ലോക്കിൽ വളരെ വിപുലമായ പരിപാടികളും നടന്നിരുന്നു. അതിനുശേഷമുള്ള റിസൽട്ട് എന്താണെന്നു ഇന്നേവരെ വെളിപ്പെടുത്തിയിട്ടില്ല. തൻമൂലം പരിശോധനയ്ക്കു വിധേയരായവർ ആശങ്കാകുലരാണെന്ന വസ്തുത പരിഗണിച്ച് ഇക്കാര്യത്തിലുള്ള വസ്തുത എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. കെ. പി. പ്രഭാകരൻ: അവിടെ അയ്യായിരം പേരെ പരിശോധിച്ചിട്ടുള്ളതിൽ എട്ടുപേർക്കു പ്രാരംഭദശയിലുള്ള കാൻസർ ഉണ്ടെന്നും മൂന്നു പേർക്കു വളരെ പഴകിയ കാൻസർ ഉണ്ടെന്നും ആണ് കണ്ടിട്ടുള്ളത്. അതിനുപുറമേ കാൻസർരോഗത്തിനു കാരണമാകുന്ന Dysplasias ഉള്ള 298 കേസുകളും inflamatory diseases ഉള്ള 1500 കേസ്സുകളുമുണ്ടെന്നും കണ്ടുപിടിച്ചിട്ടുണ്ട്. അതിനാവശ്യമായ ചികിൽസ നൽകാൻ ഏർപ്പാടു ചെയ്തുവരികയാണ്.

ശ്രീ. ഇ. പി. ഗോപാലൻ: കാൻസർ കണ്ടുപിടിക്കുവാനുള്ള പരിശ്രമങ്ങൾ നടത്തിയിട്ടുള്ളത് കൂടുതൽ പരീക്ഷണങ്ങൾക്കു വിധേയമാക്കിയിട്ടാണോ അതോ പ്രഥമദൃഷ്ട്യാ കണ്ടിട്ടുള്ള ഫലമായാണോ? എല്ലാം വിശദമായി പരിശോധിച്ച് അവസാന തിരുമാനമെടുക്കുവാനുള്ള ഏതു പ്രത്യേക നടപടിയാണ് ഡിപ്പാർട്ടുമെന്റ് ചെയ്തിട്ടുള്ളത്"?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. പ്രഭാകരൻ: ഇവിടെ എസ്. എ. ടി. ആശുപത്രിയിൽ അവിടെനിന്നുള്ള സാമ്പിളുകളുടെ ടെസ്റ്റിംഗിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുകയും അതിനാവശ്യമായ സ്റ്റാഫിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. അവിടെ വിദഗ്ധ പരിശോധന നടത്തിയിട്ടുള്ളതിന്റെ റിസൽട്ടാണ് പറഞ്ഞിട്ടുള്ളത്.

ശ്രീ. എം.വി. രാഘവൻ: മെഡിക്കൽകോളേജുകളിൽ ഈ പരിശോധന നടക്കുന്നു. അതുകൊണ്ട് വളരെയേറെ അപകടങ്ങളുണ്ടാകുന്നുമുണ്ട്. ഈയിടെ കോഴിക്കോട് മെഡിക്കൽകോളേജിൽനിന്നും ഒരാളെ കാൻസർ ഇല്ലെന്നു പറഞ്ഞുവിടുകയും കുറച്ചുദിവസങ്ങൾ കഴിഞ്ഞ് അയാൾ കാൻസർ പിടിച്ചുമരിക്കുകയും ചെയ്തു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ കാൻസർ ഇല്ലാത്ത രോഗികളെ കാൻസർ ഉണ്ടെന്നുപറഞ്ഞു കൊല്ലിക്കുന്ന ഒരു സ്ഥിതിയുമുണ്ട്. അതുകൊണ്ട് ഈ പരിശോധന ശരിയായി നടത്താനുള്ള വല്ല ഏർപ്പാടുമുണ്ടോ ?

ശ്രീ. കെ. പി. പ്രഭാകരൻ: കോഴിക്കോട് മെഡിക്കൽ കോളേജിലെ ഒരു പ്രത്യേക സ്ഥിതിയെ സംബന്ധിച്ച് ചോദിച്ചാൽ ഇപ്പോൾ പറയാൻ സാദ്ധ്യമല്ല. കാൻസർ മാത്രമല്ല പല രോഗങ്ങളും ഡയഗ്നോസ് ചെയ്യുന്നതിന് പിശകുണ്ടാകാറുണ്ട്.

കപ്പ ഉൽപ്പാദനം

*800 [869] ശ്രീ. പി. ആർ. ഫ്രാൻസിസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആവശ്യം കഴിച്ചുള്ള കപ്പ പുറമേയ്ക്ക് കയറ്റി അയക്കുവാൻ എന്തെങ്കിലും ഏർപ്പാടുകൾ ഉണ്ടോ;

(ബി) സംസ്ഥാനത്ത് സ്റ്റാർച്ച് ഫാക്ടറികൾ തുടങ്ങുവാൻ ഗവൺമെന്റിന്റെ സഹായം ആരെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തു നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്?

കൃഷിവകുപ്പുമന്ത്രി (ശ്രീ. എ. എൽ. ജേക്കബ്):

(എ) സംസ്ഥാന ഗവൺമെന്റ് ഏർപ്പാടുകൾ ഒന്നും ചെയ്തിട്ടില്ല. സംസ്ഥാനത്തിനു പുറത്ത് കപ്പ കൊണ്ടുപോകുന്നതിന് ഗവൺമെന്റ് യാതൊരു തടസ്സവും ചെയ്യുന്നില്ല.

(ബി) കൃഷിവകുപ്പിന്റെ സഹായം ആരും ആവശ്യപ്പെട്ടിട്ടില്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. പി. ആർ. ഫ്രാൻസിസ്: സംസ്ഥാനത്തിലെ ഏറ്റവും വലിയ ഭക്ഷ്യവിളയാണ് കപ്പ. 17 ലക്ഷം ടൺ അരി ഉൽപ്പാദിപ്പിക്കുമ്പോൾ 45 ലക്ഷം ടൺ കപ്പ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേഷ്യക്ഷാമം ഉണ്ടാകുമ്പോൾ അതിനു പരിഹാരം കാണുന്നതു കപ്പകൊണ്ടാണ്. ഈ കപ്പക്കൃഷി പ്രോൽസാഹിപ്പിക്കുവാൻ ഒരു സ്റ്റാർച്ച് ഫാക്ടറി സ്ഥാപിക്കുവാൻവേണ്ടി അപേക്ഷകളയച്ചിരുന്നു. പല സ്റ്റാർച്ചു ഫാക്ടറികളും സ്ഥാപിക്കുവാനുള്ള സാദ്ധ്യതയുണ്ട്. അതുകൊണ്ട് ഇതിനെ സംബന്ധിച്ച് ഗവൺമെന്റ് പരിശോധിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly